# PARENT TEACHERS ASSOCIATION
## COLLEEGE OF ENGINEERING KIDANGOOR
(Under the Co-Operative Academy of Professional Education, Est.by Govt. of Kerala)
KIDANGOOR SOUTH P.O, KOTTAYAM-686 583☎ 04822 –255056/256056
Fax:04822-255056 Email: cekcape@sancharnet.in

CEK, KOTTAYAM

President
Dr. Roobin. V. Varghese

Vice President
Sri. R. Venugopal

Secretary
Smt. Sreekumari. T. K


# വാർഷിക പൊതുയോഗം 2013 - 2014
# റിപ്പോർട്ട്

മാന്യമിത്രമെ,

കേരളസർക്കാർ സംരംഭമായ CAPEന്റെ ഉടമസ്ഥതയിൽ കിടങ്ങൂർ എൻജിനീയറിംഗ് കേളേജ് 2000 ത്തിൽ സ്ഥാപിതമായി. തദ്ദേശ വാസികളിൽ നിന്നും കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്ക് 25 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകികൊണ്ട് ഈ ഉദ്യമത്തിനു പൂർണ പിന്തുണനൽകി. കഴിഞ്ഞ 14 വർഷക്കാലമായി ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമായി ഈ കോളേജ് പ്രവർത്തിച്ചുവരുന്നു എന്നുള്ളത് ചരിതാർത്ഥ്യ ജനകമാണ്. ഈ കാലയളവിൽ ഒട്ടനവധി പ്രൊഫഷണൽസിനെ സമൂഹത്തിനു സംഭാവന ചെയ്യാൻ നമുക്ക് സാധിച്ചു.

2014 മാർച്ച് 22- ന കൂടിയ പൊതുയോഗത്തിൽ വച്ച് 2013-14 അദ്ധ്യയനവർഷത്തേയ്ക്കുള്ള ഭരണ സമിതിയെ തിരഞ്ഞെടുത്തു. പ്രിൻസിപ്പാൾ പ്രസിഡന്റായും, വൈസ് പ്രസിഡന്റായി ശ്രീ ആർ. വേണുഗോപാലിനെയും സെക്രട്ടറിയായി ശ്രീ സുരേഷ്. എ. ആർ നെയും കമ്മറ്റി അംഗങ്ങളായി ശ്രീ മോഹൻ ദാസ് ആമ്പലാറ്റിൽ, ശ്രീമതി പ്രീത രവീന്ദ്രൻ, ശ്രീ. കെ. രാജേന്ദ്രൻ, ശ്രീ. മാത്യൂസ് എന്നിവരെയും തിരഞ്ഞെടുത്തു.

ഈ കാലയളവിൽ 2014 ജൂലൈ 19 വരെ Dr. എസ്. ജയകുമാറും പിന്നീട് Dr. റൂബിൻ വി വർഗീസും പി.ടി.എ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. അതുപോലെ തന്നെ പി ടി എ സെക്രട്ടറി ആയിരുന്ന ശ്രീ. സുരേഷ് എ ആർ ഉപരിപഠനാർത്ഥം പോവുകയും പകരം 15.07.2014 മുതൽ ശ്രീമതി. ശ്രീകുമാരി റ്റി. കെ സെക്രട്ടറിയായി ചുമതലയേൽക്കുകയും ചെയ്തു. മുൻവർഷങ്ങളിലെ പി ടി എ പ്രസിഡന്റ് എന്ന നിലയിലുള്ള ശ്രീ. ജയകുമാർ സാറിന്റെയും, സെക്രട്ടറി എന്ന നിലയിലുള്ള ശ്രീ സുരേഷ് എ. ആർ ന്റെയും സ്തുത്യർഹമായ സേവനത്തെ പി ടി എ കമ്മിറ്റി നന്ദിപൂർവ്വം സ്മരിക്കുന്നു..

ഈ റിപ്പോർട്ടു വർഷത്തിൽ കോളേജിന്റെ പുരോഗതിക്കും വിദ്യാർത്ഥികളുടെ ക്ഷേമത്തിനും ഊന്നൽ നൽകികൊണ്ട് പി. ടി. എ കമ്മറ്റിക്ക് പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. റിപ്പോർട്ടു വർഷത്തിൽ പി. ടി. എ നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ താങ്കളുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

1. പി. ടി. എ യുടെ പ്രഥമ പരിഗണനയിലുള്ള കാര്യം വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം കാര്യക്ഷമമാക്കുക എന്നുള്ളതായിരുന്നു. രക്ഷകർത്താക്കളുടെ നിരന്തരമായ അഭ്യർത്ഥനപ്രകാരമുള്ള പുതിയ ബസ്സ് റൂട്ടുകൾ തുടങ്ങുവാൻ സധിച്ചില്ലെങ്കിലും കുട്ടികളുടെ യാത്രാക്ലേശം കുറയ്ക്കുന്നതിലേയ്ക്കായി നിലവിലുള്ള റൂട്ടുകളിൽ കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തുകയുണ്ടായി. ഈ അദ്ധ്യയന വർഷം 2 പുതിയ ബസുകൾ കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പി ടി എ കമ്മിറ്റി വാങ്ങിയ ഒരു ബസ്സ് മാത്രമെ കിട്ടിയുള്ളൂ. ആയതിനാൽ ഒരു വാടക ബസ്സുകൂടി എടുക്കേണ്ടി വന്നു. നിലവിൽ പി ടി എ യുടെ 4 ബസ്സുകളും വാടകയ്ക്കെടുത്ത 5 ബസ്സുകളും ഉൾപ്പടെ 9

ബസ്സുകൾ കുട്ടികളുടെ യാത്രാ സൗകര്യത്തിനായി ഓടിക്കുന്നുണ്ട്. ബസ്സുകളുടെ സുഗമമായ നടത്തിപ്പിനായി ഏർപ്പെടുത്തിയിട്ടുള്ള ബസ്സ് ചെക്കറുടെ സേവനം വളരെയധികം പ്രയോജനപ്പെടുന്നുണ്ട്

അനിയന്ത്രിതമായ നടത്തിപ്പു ചിലവുകൾ മൂലം ഇപ്പോൾ ലഭിക്കുന്ന വരുമാനം കൊണ്ട് ബസ്സുകൾ ഓടിക്കുവാൻ പറ്റാത്ത ഒരു സാഹചര്യം ആണുള്ളത്. ആയതിനാൽ കുട്ടികളുടെ യാത്രാചിലവ് ഇനത്തിൽ ഒരു വർദ്ധനവ് ആവശ്യമായി വന്നിരിക്കുന്നു. ആയത് ഇതിനോടകം താങ്കളെ അറിയിച്ചിട്ടുള്ളതാണ്. പി ടി എ യുടെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് താങ്കളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

2. കുട്ടികൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ പി ടി എ കൈക്കൊണ്ടിട്ടുണ്ട്. കിടങ്ങൂർ ഗ്രാമ പഞ്ചായത്തിന്റെയും, നമ്പാർഡിന്റെയും, കേപ്പിന്റെയും സഹായത്തോടെ ഒരു ശുദ്ധജല വിതരണ പദ്ധതിയുടെ പേപ്പർ വർക്കുകൾ പുരോഗമിച്ചുവരുന്നു. കുഴൽ കിണർ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പി ടി എ യിൽ നിന്നും എല്ലാ ഡിപ്പാർട്ടുമെന്റുകളിലും സ്ഥാപിച്ചിട്ടുള്ള വാട്ടർ പ്യൂരിഫയറുകളുടെയും കൂളറുകളുടെയും കാലാകാലങ്ങളിലുള്ള മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമായി സൂക്ഷിക്കുന്നതിനും പി ടി എ ശ്രദ്ധിയ്ക്കുന്നുണ്ട്.

3 പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ഭാഗമായി നേച്ചർ ക്ലബ്ബിന്റെയും മീനച്ചിൽ നദീ സംരക്ഷണ സമിതിയുടെയും ആഭിമുഖ്യത്തിൽ ഒരു ഏകദിന സെമിനാർ നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കേരള നദീ സംരക്ഷണ സമിതിയുടെ സെക്രട്ടറി . പ്രൊഫ: Dr. എസ്. സീതാരാമൻ , മീനച്ചിൽ നദീ സംരക്ഷണ സമിതിയുടെ പ്രസിഡന്റ് , പ്രൊഫ: Dr. എസ്. രാമചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. പി ടി എ യുടെ സാമ്പത്തിക സഹായത്തോടുകൂടി കോളേജ് കാമ്പസ്സിൽ ഫലവൃക്ഷത്തൈകൾ നടുകയുണ്ടായി.

4 കോളേജിൽ പ്രവർത്തിച്ചുവരുന്ന എൻ എസ് എസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു.

5. പി ടി എ യുടെ സഹകരണത്തോടെ എൻ എസ് എസ്സിന്റെയും നേച്ചർ ക്ലബ്ബിന്റെയും ആവശ്യത്തിലേയ്ക്കായി ഒരു ലൈബ്രറി പ്രവർത്തിച്ചുവരുന്നു.

6. കോളേജിന്റെ ഉന്നമനത്തിനായുള്ള പല പ്രവർത്തനങ്ങൾക്കും പി ടി എ മുൻകൈയ്യെടുത്ത് ആവശ്യമായ ധനസഹായം നൽകി വരുന്നു. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ തന്നെ കമ്പ്യൂട്ടർ ലാമ്പിലെ വെബ് ഹോസ്റ്റിംഗിന് ആവശ്യമായ ധനസഹായം പി ടി എ ആണ് നൽകിയത്.

7. കോളേജിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ജലജന്യ രോഗങ്ങൾക്കെതിരെയുള്ള ഒരു മെഡിക്കൽക്യാമ്പ് കോളേജിൽ വെച്ച് സംഘടിപ്പിയ്ക്കുകയും അതിൽ കൂടി കുട്ടികളുടെ ഭീതിയകറ്റി അവരെ ബോധവൽക്കരിയ്ക്കുന്നതിനും പി ടി എ യ്ക്ക് കഴിഞ്ഞിട്ടുണ്ട്.

അതോടൊപ്പം തന്നെ കഴിഞ്ഞ വർഷം തുടക്കം മുതൽ കുട്ടികൾക്ക് എല്ലാ ബ്ലോക്കുകളിലും ചൂടുവെള്ളം ലഭ്യമാക്കുന്നതിനുവേണ്ട സംവിധാനം ഒരുക്കുകയും, മിനറൽ വാട്ടർ ജാറുകൾ സ്ഥാപിയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള

കിണറുകൾ ശുചീകരിയ്ക്കുന്നതിനും കാലാ കാലങ്ങളിൽ വാട്ടർ ടാങ്കുകൾ ക്ലോറിനേറ്റ് ചെയ്യുന്നതിനും വേണ്ട ചിലവുകൾ പി ടി എ വഹിച്ചുകൊണ്ടിരിയ്ക്കുന്നു.

8. കഴിഞ്ഞ വർഷമുണ്ടായ ചില സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പകർച്ച വ്യാധികൾ തടയുന്നതിനു വേണ്ടി ഒരു എപ്പിഡെമിക് ക്രൈസിസ് മാനേജ്മെന്റ് സെൽ പ്രവർത്തിച്ചുവരുന്നു.

9. കുട്ടികളുടെ സാങ്കേതിക കഴിവുകൾ വികസിപ്പിയ്ക്കുന്നതിനു വേണ്ടി ആപ്പ്സ് ഫെസ്റ്റ് പോലെയുള്ള പരിപാടികൾ സംഘടിപ്പിയ്ക്കുന്നതിനും അതിൽ കുട്ടികളെ പങ്കെടുപ്പിയ്ക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് പി ടി എ യ്ക്ക് കഴിഞ്ഞിട്ടുണ്ട്.

10. കോളേജ് കാന്റീനിൽ ഒരു ഡിസ്പ്ലേ ബോർഡ് പി ടി എ യുടെ നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുണ്ട്. മാത്രമല്ല കാന്റീനിന്റെ കാലാകാലങ്ങളിലുള്ള മെയിന്റനൻസ് ജോലികൾ പി ടി എ ചെയ്തുവരുന്നു. കൂടാതെ കാന്റീനിലേയ്ക്കാവശ്യമായ അലമാര വാങ്ങി നൽകുകയും ചെയ്തു. കാന്റീനിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി തറ ടൈൽസിടുന്നതിനും, മേൽക്കൂര സീലിങ്ങ് ചെയ്യുന്നതിനും, വർക്കേരിയ വയർനെഷിട്ട് അടവാക്കുന്നതിനും പി ടി എ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു

11. കോളേജിലെ യൂണിയന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് പി ടി എ നൽകുന്നുണ്ട്

12. കോളേജ് ക്യാംപസ്സിലെ വഴിവിളക്കുകൾ നന്നാക്കുന്നതിനും, അത് ഉപയോഗയോഗ്യമാക്കുന്നതിനും പി ടി എ യ്ക്ക് സാധിച്ചിട്ടുണ്ട്

13. കോളേജ് വെമ്പ്സൈറ്റിന്റെ നവീകരണ ജോലികൾക്കാവശ്യമായ തുക നൽകി.

14. കോളേജിന്റെ നെയിം ബോഡുകൾ കോളേജ് കവാടത്തിലും മാന്താടി കവലയിലും സ്ഥാപിച്ചു.

15. പി ടി എ യുടെ ധനസഹായത്തോടെ **English Language Lab** വിജയകരമായി പ്രവർത്തിച്ചുവരുന്നു. ലൈബ്രറിയിലേക്കാവശ്യമായ **Periodicals, Journals** മുതലായവ വാങ്ങിക്കുന്നതിലേക്കായി പി ടി എ ധനസഹായം നൽകി വരുന്നു. അക്രെഡിറ്റേഷന്റെ ഭാഗമായി ഓരോ ഡിപ്പാർട്ടുമെന്റിലേയ്ക്കും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ധനസഹായം പി ടി എ നൽകുന്നുണ്ട്.

16. വേൾഡ് ബാങ്കിന്റെ ധനസഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ടെക്യുപ്പ്-ഫെയ്സ്2 ഫണ്ട്, അലോക്കേഷൻ പദ്ധതിയിലേക്ക് കേരളത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 19 കോളേജുകളിൽ ഒന്നാണ് നമ്മുടെ കോളേജ്. ഇതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് പി ടി എ നൽകി വരുന്നു.

17. വിദ്യാർത്ഥിനികൾക്കുള്ള വിശ്രമ മുറി പി ടി എ യുടെ സാമ്പത്തിക സഹായ ത്തോടുകൂടി സജ്ജമാക്കിയിട്ടുണ്ട്.

18. കോളേജ് യൂണിയന്റെ നേതൃത്വത്തിൽ നടത്തിവരുന്ന **Inter Collegiate Fest ' Lumiere'** ന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് **PTA** നൽകി വരുന്നു. ഏതാണ്ട് 6 ലക്ഷത്തോളം രൂപ ചിലവുവരുന്ന ഈ മേള കൂടുതൽ കാര്യക്ഷമമാക്കുന്നതിന് **PTA**യുടെ മേൽനോട്ടം വരും വർഷങ്ങളിൽ സജീവമായി ഉണ്ടാകുന്നതാണ്.

19. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം നൽകിവരുന്നത് പി ടി എ യുടെ നിയന്ത്രണത്തിലും അംഗീകാരത്തിലുമുള്ള ഇരുപതോളം ഹോസ്റ്റലുകളാണ്. ഇവയുടെ പ്രവർത്തനങ്ങൾ ആനുകാലികമായി പി ടി എ കമ്മിറ്റി വിലയിരുത്തിവരുന്നു. എടുത്തു പറയേണ്ട മറ്റൊരു വസ്തുത ഹോസ്റ്റലുകൾ തമ്മിലുള്ള അനാവശ്യ കിടമത്സരങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി വിദ്യാർത്ഥികളെ വിവിധ ഹോസ്റ്റലുകളിലേയ്ക്ക് കോളേജിൽ നിന്നും പി ടി എ യുടെ നേതൃത്വത്തിൽ അലോട്ട് ചെയ്യുന്നു. കോളേജിൽ ഒരു ലേഡീസ് ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

20. അക്കാഡമിക് തലത്തിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വർഷം തോറും വിദ്യാർത്ഥികൾക്ക് പി ടി എ യുടെ ആഭിമുഖ്യത്തിൽ ക്യാഷ് അവാർഡുകൾ നൽകി വരുന്നു.

21. പി ടി എ യുടെ പരിശ്രമ ഫലമായി ഈ വർഷം മുതൽ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് എന്നീ ഡിപ്പാർട്ടുമെന്റുകളിൽ എം ടെക് കോഴ്സുകൾ തുടങ്ങുകയുണ്ടായി.

22. ഈ കോളേജിന്റെ ചിരകാല സ്വപ്നങ്ങളിലൊന്നായ കോളേജ് ആഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലായിരിക്കുന്നു.

അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും ശ്രമഫലമായി കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ഉയരങ്ങളിലേയ്ക്ക് ഈ വിദ്യാലയം എത്തുവാൻ ജഗദീശ്വരൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും ഈ കഴിഞ്ഞ ഒരു വർഷം ഞങ്ങളോട് ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഈ റിപ്പോർട്ടും കണക്കും നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

പി. ടി. എ കമ്മിറ്റിയ്ക്കു വേണ്ടി

സെക്രട്ടറി

കിടങ്ങൂർ
**02.12.2014**

**NB: 02.12.2014** ലെ പി. ടി എ. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചത്.